ഫാറം - VII

[ചട്ടം 23(1) കാണുക]

**പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിൽ**

**2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 50-ാം വകുപ്പ് 2 - ാം ഉപവകുപ്പ് പ്രകാരം പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന് സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ച നോട്ടീസ്**

താഴെപ്പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കിച്ച മാസ്റ്റർ പ്ലാന് 2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016- ലെ 9) 50-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരവും 36-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ)നം.211/2025/ തസ്വഭവ, തിരുവനന്തപുരം, തീയതി 06/11/2025 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 2025 നവംബർ 10-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 3973 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | ഒക്കൽ ഗ്രമപഞ്ചായത്ത്, കൂവപ്പടി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | രായമംഗലം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | രായമംഗലം ഗ്രാമപഞ്ചായത്ത്, വെങ്ങോല ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | വാഴക്കുളം ഗ്രാമപഞ്ചായത്ത്, പെരിയാർ നദി |

മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ .

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല

സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - ബാധകമല്ല.

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - ഇല്ല

സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പ്രസക്ത ഭാഗങ്ങൾ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.perumbavoormunicipality.lsgkerala.gov.in പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് മുനിസിപ്പൽ കൗൺസിൽ കാര്യാലയത്തിന്റെ പ്രവർത്തി സമയങ്ങളിൽ പരിശോധനയ്ക്ക് / വിൽപ്പനയ്ക്ക് ലഭ്യമാണ്. ഈ പ്ലാനിന് അനുസൃതമല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടവരികയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

| | |
|---|---|
| സെക്രട്ടറി | ചെയർമാൻ |
| പെരുമ്പാവൂർ നഗരസഭ | പെരുമ്പാവൂർ നഗരസഭ |

MUNICIPAL OFFICE * PERUMBAVOOR *